**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5609** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അവാർഡുകളിൽ കേരളത്തിൽ നിന്നുള്ളവർ വിജയം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കൈവരിച്ചിട്ടുണ്ട്; ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.<br><br>1. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)<br><br>2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിലിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്, മൊബൈൽ സംരംഭങ്ങൾ ഉൾപ്പെടുന്ന വിഭാഗം)<br><br>3.ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ) |
| (ബി) | സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് പുതിയതായി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 84 വകുപ്പുകളിൽ നിന്നുള്ള 884 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ ഇ-സേവനം |

| | | | |
|---|---|---|---|
| | | | പോർട്ടൽ, എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങൾ ലഭിക്കും. |
| (സി) | സിവിൽ സർവീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനും വിവിധ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനായും വിവിധ വകുപ്പുകൾ നൽകി വരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in).<br><br>സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യാഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്.<br><br>കൂടാതെ, ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇ-ഓഫീസിലൂടെ തന്നെ മറ്റ് ഓഫീസുകളിലേയ്ക്ക് അയക്കുന്ന ഇന്റർ ഓഫീസ് / ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ